## മുഖപ്രസംഗം

# വിഴിഞ്ഞം
# എൽഡിഎഫ്-യുഡിഎഫ്-ബിജെപി സമവായം

***വിഴിഞ്ഞം:അദാനിയുടെ കുംഭവീർപ്പിക്കുന്ന ദേശദ്രോഹ പദ്ധതി*** എന്ന തലക്കെട്ടിൽ വിഴിഞ്ഞം തുറമുഖ പദ്ധതിയെ സംബന്ധിച്ചുള്ള വിശദമായ ഒരു ലേഖനം 2015 സെപ്റ്റംബർ ലക്കം സഖാവിൽ പ്രസിദ്ധീകരിച്ചിരുന്നു. ആ ലേഖനത്തിൽ ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ ഒന്നൊഴിയാതെ ശരിവെയ്ക്കുന്നതാണ് പിണറായി സർക്കാരിന്റെ ഒന്നാം വാർഷികാഘോഷവേളയിൽ വിഴിഞ്ഞം പദ്ധതിയെ സംബന്ധിച്ച് പുറത്തുവന്നിരിക്കുന്ന സി.ഐ.ജി. റിപ്പോർട്ട്.

ആവർത്തന വിരസത ഒഴിവാക്കുന്നതിനുവേണ്ടി പദ്ധതിയുടെ വിശദാംശങ്ങളിലേക്ക് വീണ്ടും ഇവിടെ കടക്കുന്നില്ല. എങ്കിലും ചില കാര്യങ്ങൾ വീണ്ടും എടുത്തു പറയേണ്ടിയിരിക്കുന്നു. പദ്ധതിയുടെ നിർമ്മാണചിലവ് 7525 കോടി രൂപയെന്നത് യഥാർത്ഥ ചിലവിന്റെ ഇരട്ടിയോളം വരുമെന്നും പിപിപി പദ്ധതികളിൽ സർക്കാർ ഗ്രാന്റായി അനുവദിക്കുന്ന തുക കൂടുതൽ വാങ്ങുന്നതിനുവേണ്ടിയാണ് ഇപ്രകാരം ചെയ്തതെന്നും അന്നുതന്നെ വിമർശനം ഉണ്ടായിരുന്നു. 7525 കോടി രൂപയിൽ സംസ്ഥാന സർക്കാർ 5071 കോടി രൂപ മുടക്കുമ്പോൾ പദ്ധതി നടത്തിപ്പുകാരനായ അദാനി 2454 കോടി രൂപയാണ് മുടക്കുന്നത്. അതേസമയം 40 കൊല്ലത്തെ ലാഭം ഏതാണ്ട് മുഴുവനായും അദാനിക്കുള്ളതാണ്. പദ്ധതിക്കാവശ്യമായ 5000 കോടി വിലവരുന്ന 500 ഏക്കർ കൂടിയാണ് അദാനിയെ ഏൽപ്പിക്കുന്നത്. പണയപ്പെടുത്താനുള്ള അവകാശവും അദാനിക്കു വിട്ടുകൊടുത്തിരിക്കെ, പദ്ധതി തുടങ്ങുന്നതിനു മുമ്പേ 3000 കോടി രൂപ ഭൂമി പണയപ്പെടുത്തി പദ്ധതി നടത്തിപ്പിനാവശ്യമായ തുകയേക്കാൾ പണം അദാനിക്കു കണ്ടെത്താം. ഇതു കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഗ്രാന്റായി 1685 കോടി രൂപ അദാനിക്കു നൽകും. പോർട്ട് വികസനത്തിന്റെ ഭാഗമായി അവശേഷിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങൾ പാർക്ക് ചെയ്യുന്നതിന് യൂസർ ഫീ ഇനത്തിൽ വൻതുക അദാനിക്കു പിരിച്ചെടുക്കാം. എല്ലാറ്റിനുമുപരി, ഇതര പിപിപി പദ്ധതികളുടെ കാര്യത്തിലെന്നപോലെ, യാതൊരു മുടക്കുമില്ലാതെ പൊതുമേഖലാ ബാങ്കുകൾ പദ്ധതി നടത്തിപ്പിനാവശ്യമായ പണം അദാനിക്കു വായ്പ നൽകും. ഇത്തരം പരിപാടികളിലൂടെ ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകൾക്ക് ഒരു ലക്ഷം കോടിരൂപയോളം കിട്ടാക്കടം അദാനി വരുത്തിവെച്ചിട്ടുണ്ട്. ചുരുക്കത്തിൽ പദ്ധതി നടപ്പാക്കുന്നതിനു മുമ്പുതന്നെ വിവിധ രൂപങ്ങളിൽ ആയിരക്കണക്കിനു കോടി രൂപ അദാനിയുടെ പോക്കറ്റിലെത്താനുള്ള സാധ്യതകൾ വിഴിഞ്ഞം പദ്ധതി മുന്നോട്ടു വെയ്ക്കുന്നു. സംസ്ഥാന സർക്കാരാകട്ടെ, കടം വാങ്ങുകയോ, നികുതി പിരിക്കുകയോ ചെയ്തു മാത്രം 5071 കോടി രൂപ കണ്ടെത്തേണ്ടിയും വരും. അദാനിക്കു നൽകുന്നതുപോലെ പൊതുമേഖലാ ബാങ്കുകൾ സംസ്ഥാന സർക്കാരിന് വായ്പ നൽകാനുള്ള ഒരു സാധ്യതയും നിലവിലില്ല.

എന്നാലിപ്പോൾ കേരളാ നിയമസഭയിൽ സമർപ്പിച്ചിരിക്കുന്ന സി.എ.ജി. റിപ്പോർട്ട് പറയുന്നത് പദ്ധതി പ്രാബല്യത്തിലായാൽ അദാനിക്ക് 80000 കോടി രൂപയുടെ അധിക ലാഭമുണ്ടാകുമ്പോൾ സംസ്ഥാനം കനത്ത സാമ്പത്തിക ബാധ്യതയിലാകുമെന്നാണ്. സാധാരണ പിപിപി പദ്ധതികളുടെ കരാർ കാലാവധി 30 വർഷമായിരിക്കെ, വിഴിഞ്ഞത്ത് അദാനിക്ക് 40 വർഷമാണ് നൽകിയത്. ഈ പത്തു വർഷം കൊണ്ടുമാത്രം അദാനിക്ക് 29217 കോടി രൂപയുടെ അധിക നേട്ടമുണ്ടാകുമെന്ന് സി.എ.ജി. കണ്ടെത്തിയിരിക്കുന്നു. കരാറിൽ 20 വർഷം കൂടി കാലാവധി നീട്ടിനൽകാൻ വ്യവസ്ഥയുള്ളതിനാൽ അദാനിക്ക് 61,095 കോടി അധികലാഭം കിട്ടാനുള്ള സാധ്യതയും നിലനിൽക്കുന്നു. അദാനി മുടക്കുമുതലും പലിശയും ലാഭവുമെല്ലാം നേടിയാലും 67 ശതമാനം പണം മുടക്കുന്ന സംസ്ഥാന സർക്കാരിന് വരുമാന വിഹിതം കിട്ടിത്തുടങ്ങുക 2031 മുതൽ മാത്രമാണ്. വരുമാന വിഹിതം സംസ്ഥാനത്തിന് ഒരു ശതമാനമായി നിശ്ചയിച്ചതും 15-ാം വർഷം മുതൽ വിഹിതം നൽകിയാൽ മതിയെന്നും കരാറിൽ ഉൾപ്പെടുത്തിയതും രാജ്യതാല്പര്യത്തിനു നിരക്കുന്നതല്ല. മത്സ്യബന്ധന തുറമുഖത്തിനു വേണ്ടിവരുന്ന 1463 കോടി രൂപ സംസ്ഥാന സർക്കാർ മുടക്കുമ്പോൾ അതിന്റെ യൂസർ ഫീ പിരിക്കുന്നത് അദാനിയാണ്. കരാറുകാരന് (അദാനിക്ക്) അന്യായമായ ആനുകൂല്യം ലഭിക്കത്തക്ക വ്യവസ്ഥ കരാറിൽ ഉണ്ടാക്കി. മറ്റു പിപിപി പദ്ധതികളിലൊന്നും ഉൾപ്പെടുത്താത്ത അസാധാരണമായ വ്യവസ്ഥകൾ കരാറിലുണ്ട്. എല്ലാ ആസ്തികളും പണയം വെക്കാൻ കരാറുകാരന് അധികാരം നൽകി. 100 കിലോമീറ്റർ ചുറ്റളവിൽ മറ്റു തുറമുഖം വന്നാൽ കാലാവധി നീട്ടി നൽകുമെന്ന വ്യവസ്ഥ ഉൾച്ചേർത്തു. 51 കിലോമീറ്റർ അകലെ കുളച്ചൽ വരുമെന്ന് വ്യക്തമായിരുന്നിട്ടും ഇക്കാര്യം ഒഴിവാക്കിയില്ല. ചുരുക്കത്തിൽ കരാർ സ്വകാര്യ പങ്കാളി അർഹിക്കാത്തതും സംസ്ഥാന താല്പര്യത്തിനു വിരുദ്ധമായതുമായ വ്യവസ്ഥകളോടെയാണെന്ന് സി.എ.ജി. അടിവരയിടുന്നു. ഭരണഘടനാ സ്ഥാപനമായ സി.എ.ജി.യുടെ റിപ്പോർട്ടിന്റെ കരട് കഴിഞ്ഞ ഒക്ടോബറിൽ തന്നെ പുറത്തുവന്നിരുന്നു. എന്നാൽ ഭരണ-പ്രതിപക്ഷ മാന്യന്മാർ ബോധപൂർവ്വം അത് കണ്ടില്ലെന്നു നടിക്കുകയായിരുന്നു.

വസ്തുത ഇതാണ്, വല്ലാർപാടം കണ്ടെയ്നർ തുറമുഖം മൂന്നുവർഷം പിന്നിട്ടിട്ടും സ്ഥാപിതശേഷിയുടെ മുന്നിൽ ഒന്ന് മാത്രമാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. ലോകസാമ്പത്തിക മാന്ദ്യം, ഉല്പാദനത്തിന്റെ സാർവ്വദേശീയവൽക്കരണം സംജാതമാക്കിയ പുതിയ ഘടകങ്ങൾ (ഉല്പാദനത്തെ പല ഘടകങ്ങളായി തിരിച്ച് പല രാജ്യങ്ങളിൽ ഉല്പാദിപ്പിക്കാനും ഇന്ത്യ പോലെ കൂലി കുറഞ്ഞ രാജ്യങ്ങളിലേക്ക് ഉല്പാദനം പറിച്ചു നടുന്നതിനുമുള്ള അവസരം, പുറം കരാർ, പ്രത്യേക സാമ്പത്തിക മേഖലകളുടെ ആവിർഭാവം തുടങ്ങിയവ) മുതലായവ കടൽമാർഗ്ഗമുള്ള ചരക്കു ഗതാഗതത്തിന് വൻതോതിൽ ഇടിവു വരുത്തിയതും ചരക്കു കടത്തലിന് വ്യോമമാർഗ്ഗം കൂടുതലായി ഉപയോഗിക്കുന്നതും തുറമുഖങ്ങളുടെ ലാഭകരമായ പ്രവർത്തനത്തിന് തടസ്സമായിട്ടുണ്ട്. രണ്ടു വർഷം മുമ്പ് വിഴിഞ്ഞം കരാർ ഒപ്പിടുമ്പോൾ വിഴിഞ്ഞത്ത് ഒരു ലക്ഷം കപ്പലുകൾ വരെ അടുക്കുമെന്ന് നട്ടാൽ കുരുക്കാത്ത പെരുംകള്ളമാണ് ഉമ്മൻഭരണവും കേരളത്തിലെ കോർപ്പറേറ്റ് മാധ്യമങ്ങളും അദാനിയുടെ ഉച്ചിഷ്ടം പറ്റിയ മാധ്യമശിങ്കങ്ങളും പ്രചരിപ്പിച്ചത്. ലോകത്താകെ 5000-ഓളം കണ്ടെയ്നർ കപ്പലുകൾ ഉള്ളപ്പോഴാണ് ഒരു ഉളുപ്പുമില്ലാതെ ഈ പ്രചരണം നടത്തിയത്. പറഞ്ഞുവരുന്നത് ഗുജറാത്തിലെ മുദ്രപോർട്ടിലും മറ്റും അദാനി നേട്ടമുണ്ടാക്കുന്നത് റിയൽ എസ്റ്റേറ്റ് ഇടപാടിലൂടെയാണ് എന്നു സൂചിപ്പിക്കാനാണ്. ഇന്ത്യയിലെ ഒട്ടുമിക്ക പിപിപി പദ്ധതികളുടെയും ആകർഷണം ഭൂമിയും പ്രകൃതിവിഭവങ്ങളും ബാങ്കുകളിലെ പൊതുപണവുമാണ്. മോദിയുടെ ഗുജറാത്ത് ഭരണകാലത്ത് ഇപ്രകാരമുള്ള കൊള്ളയിലൂടെ പത്തുവർഷം കൊണ്ട് 13 ഇരട്ടികണ്ട് അദാനിയുടെ സമ്പത്ത് വർദ്ധിപ്പിക്കുകയുണ്ടായി. വിഴിഞ്ഞത്തും അദാനി ലക്ഷ്യമിടുന്നത് ഈ ഗുജറാത്ത് മോഡലിന്റെ ആവർത്തനമാണ്. അതുകൊണ്ടാണ് തുറമുഖ വികസനത്തിൽ തല്പരരായ അനുഭവസമ്പത്തുള്ള കമ്പനികൾക്ക് വിഴിഞ്ഞത്ത് താല്പര്യം കുറഞ്ഞത്. 51 കി.മി. അകലെ കുളച്ചൽ കൂടി യാഥാർത്ഥ്യമാകുന്നതോടെ വിഴിഞ്ഞം അദാനിയുടെ ഒരു ടൗൺഷിപ്പ് എന്ന നിലയ്ക്കാവും പ്രാധാന്യം കൈവരിക.

രണ്ടു ദശാബ്ദക്കാലമായി ചർച്ചാവിഷയമായിരുന്നിട്ടും നടപ്പാകാതിരുന്ന വിഴിഞ്ഞത്തിന്റെ കാര്യത്തിൽ അദാനിയുമായി ഉമ്മൻചാണ്ടി ധാരണയാകുന്നത് ഈ പശ്ചാത്തലത്തിലാണ്. നൂറുകണക്കിന് കോടി രൂപയുടെ അഴിമതിയാണ് ഇതിലുൾപ്പെട്ടതെന്ന് പ്രതിപക്ഷനേതാവായിരുന്ന വിഎസ് തന്നെ ചൂണ്ടിക്കാണിച്ചിരുന്നു. 2011-ൽ അധികാരത്തിലെത്തിയതു മുതൽ വിഴിഞ്ഞം വികസനത്തിന്റെ ലാസ്റ്റ് ബസ്സ് ആണെന്ന പ്രചരണം ആസൂത്രിതമായി ഉമ്മൻചാണ്ടി അഴിച്ചുവിടുകയുണ്ടായി. അതേസമയം സാമ്പത്തികമായി വിജയിക്കില്ലാത്ത പദ്ധതിയിൽ ടെൻഡർ വ്യവസ്ഥകൾപ്രകാരം കരാർ ഒപ്പിടാൻ പലരും വൈമനസ്യം പ്രകടിപ്പിക്കുകയും ചെയ്തു. ഈ സൗകര്യം ഉപയോഗപ്പെടുത്തിയാണ് മറ്റു കമ്പനികളെ ഒഴിവാക്കി അദാനിയുമായി സംസ്ഥാനത്തെ കുളംതോണ്ടുന്ന കരാറിൽ ഉമ്മൻചാണ്ടി എത്തിയത്. 2014 വരെ ഉമ്മൻചാണ്ടിയുടെ ശ്രമങ്ങൾ പരാജയപ്പെട്ടതിന്റെ ഒരു കാരണം മോദിയുടെ ഉറ്റ സുഹൃത്തായ അദാനിയുമായുള്ള ബന്ധം കോൺഗ്രസ് ഹൈക്കമാന്റിന് ഇഷ്ടപ്പെടാത്തതുകൊണ്ടായിരുന്നു. എന്നാൽ മോദി അധികാരത്തിലെത്തുകയും ഹൈക്കമാന്റ് ലോക്കമാന്റ് ആകുകയും ചെയ്തതോടെ ഡെൽഹിയിൽ കെ.വി. തോമസിന്റെ വസതിയിൽ വെച്ചാണ് അദാനിയുമായി ഉമ്മൻചാണ്ടി ഡീൽ ഉറപ്പിച്ചത്. ഇതെല്ലാം വ്യക്തമായി അറിയാവുന്ന പിണറായി വിജയൻ വിഴിഞ്ഞം കരാർ പുനഃപരിശോധിക്കുമെന്ന ഉറപ്പ് ജനങ്ങൾക്ക് നൽകിക്കൊണ്ടാണ് 2016-ലെ തെരഞ്ഞെടുപ്പു കാമ്പയിൻ നടത്തിയതും അധികാരത്തിലെത്തിയതും. എന്നാൽ മുഖമന്ത്രിയായതോടെ വികസനത്തിന്റെ ലാസ്റ്റ് ബസ്സ് ആണ് വിഴിഞ്ഞമെന്ന ഉമ്മൻചാണ്ടിയുടെ പല്ലവി പിണറായിയും ആവർത്തിക്കുന്നതാണ് കാണുന്നത്.

ഇതു യാദൃശ്ചികമല്ല, കേന്ദ്രത്തിൽ നരേന്ദ്രമോദി (കേരളത്തിൽ മുമ്പ് ഉമ്മൻചാണ്ടി) നടപ്പാക്കിക്കൊണ്ടിരിക്കുന്ന പിപിപി പദ്ധതികൾ തന്നെയാണ് പിണറായി സർക്കാരും ഉയർത്തിപ്പിടിക്കുന്ന വികസന മാതൃക. ഇതുവഴി നടക്കുന്ന കോർപ്പറേറ്റ് സമ്പത്തു സമാഹരണത്തെ വികസനമായി കൊണ്ടാടുന്ന പിണറായി അദാനിക്കു മുന്നിൽ കീഴടങ്ങിയിരിക്കുന്നു. അദാനിക്ക് 80000 കോടി രൂപയുടെ വഴിവിട്ട നേട്ടം ഉണ്ടാക്കുമെന്ന് സി.എ.ജി. കണക്കാക്കുന്ന, അതേസമയം മൊത്തം 7525 കോടി രൂപ ചിലവ് തിട്ടപ്പെടുത്തിയ ഒരു പദ്ധതി ഇനി പുനപരിശോധിക്കേണ്ട ആവശ്യമില്ലെന്ന നിഗമനത്തിലേക്ക് ഇടതുമേനി നടിക്കുന്നവർ എത്തിച്ചേരുമ്പോൾ കേരളം എത്തിപ്പെട്ടിരിക്കുന്ന അതീവ ഗുരുതരമായ രാഷ്ട്രീയ വെല്ലുവിളിയാണ് നമ്മൾ അഭിമുഖീകരിക്കുന്നത്. വികസനമല്ല, കോർപ്പറേറ്റു കൊള്ളയാണ് പിപിപി പദ്ധതികളെന്ന് അദാനിയുടേയും അംബാനിയുടേയുമെല്ലാം അടുത്ത കാലത്തെ കുത്തനെയുള്ള വളർച്ചയിൽ നിന്ന് ഇന്ത്യയിൽ വ്യക്തമായിക്കഴിഞ്ഞിട്ടുള്ളതാണ്. ഭരണകൂടവും കോർപ്പറേറ്റുകളും തമ്മിൽ വികസനമെന്ന പേരിൽ നടന്നുകൊണ്ടിരിക്കുന്ന വിഹിതവും അവിഹിതവുമായ ഇടപാടുകളാണ് അഴിമതി. വാസ്തവത്തിൽ കോർപ്പറേറ്റ് കൊള്ളയിൽ അധിഷ്ഠിതമായ പിപിപി പദ്ധതികൾക്കകത്ത് വീണ്ടും നടക്കുന്ന വഴിവിട്ട ഇടപാടുകളാണ് സാധാരണ സി.എ.ജി. റിപ്പോർട്ടുകളിലൂടെ പുറത്തുവരാറുള്ളത്, മറിച്ച് പിപിപി പദ്ധതികളിലൂടെ രാജ്യത്ത് നടക്കുന്ന കോർപ്പറേറ്റ് കൊള്ള നിയമവത്ക്കരിക്കപ്പെട്ടു കഴിഞ്ഞതാണ്. ഇവിടെയാണ് സി.എ.ജി. റിപ്പോർട്ട് വന്നു കഴിഞ്ഞിട്ടും 2019-ൽ അദാനിയുടെ വിഴിഞ്ഞം പദ്ധതി ഉദ്ഘാടനം ചെയ്തിരിക്കുമെന്ന പിണറായി സർക്കാരിന്റെ വാശി ദുരൂഹമായിരിക്കുന്നത്.

പാർലമെന്ററി ജനാധിപത്യം നിലനിൽക്കുന്ന രാജ്യങ്ങളിൽ ഇപ്രകാരമുള്ള റിപ്പോർട്ട് നിയമനിർമ്മാണ സഭയിൽ വെച്ചാലുണ്ടാകുന്ന കോലാഹലം ഊഹിക്കാവുന്നതേയുള്ളൂ. എന്നാൽ കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ അഴിമതിയെന്ന് വ്യക്തമാക്കപ്പെട്ട ഇക്കാര്യത്തെപ്പറ്റി എൽ.ഡി.എഫും, യു.ഡി.എഫും, ബി.ജെ.പി.യും തമ്മിലുള്ള നെറികെട്ട സമവായമാണ് നിയമസഭയിൽ ഉണ്ടായത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫും. അദാനിയുടെ ചെലവിലാണ് മത്സരിച്ചതെന്ന് ചില കേന്ദ്രങ്ങൾ ചൂണ്ടിക്കാട്ടിയിരുന്നു. അദാനിയെന്ന കോർപ്പറേറ്റ് മാഫിയക്ക് മുമ്പിൽ കോൺഗ്രസിനും ബിജെപിക്കും ഒപ്പം സിപിഐ (എം)ഉം കുമ്പിടുന്ന അപമാനകരമായ ഈ സ്ഥിതിവിശേഷത്തെ മറികടക്കാനുള്ള രാഷ്ട്രീയ ഇടപെടലുകളല്ലാതെ കേരളത്തിന്റെ മോചനത്തിന് മറ്റൊരു വഴിയുമില്ലെന്ന് തിരിച്ചറിയുക. ●●